**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3449** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയിലേക്ക് യുവതീയുവാക്കളെ ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ? | (എ) | യുവതലമുറയെ കൃഷിയിലേക്ക് ആകർഷിക്കുവാനും കൃഷി സംസ്കാരത്തിന്റെ ഭാഗമാക്കുവാനും സാദ്ധ്യമായ കുടുംബങ്ങളിലെല്ലാം കൃഷി ആരംഭിക്കുവാനും ഉദ്ദേശിച്ച് ആരംഭിച്ച 'ഞങ്ങളും കൃഷിയിലേക്ക്' പദ്ധതിയിലൂടെ യുവാക്കളെയും സ്ത്രീകളെയും കൗമാരപ്രായക്കാരെയും കൃഷിയിലേക്ക് ആകർഷിക്കുവാൻ സാദ്ധ്യമായിട്ടുണ്ട്. നവീനകാർഷിക രീതികൾ നടപ്പാക്കിയും ഡിജിറ്റൽ സാങ്കേതിക വിദ്യകൾ കൃഷിയിലേക്ക് ഉൾക്കൊള്ളിച്ചും നടപ്പാക്കിയ കൃഷിരീതി യുവാക്കൾക്ക് ഈ മേഖലയിലേക്ക് കടന്നുവരുവാനുള്ള പ്രചോദനം നൽകുന്നുണ്ട്. ദ്വിതീയ കാർഷിക മേഖലയെ (Secondary Agriclture) പ്രോത്സാഹിപ്പിക്കും വിധം കാർഷിക മേഖലയിൽ നടപ്പാക്കിയ പദ്ധതികൾ മൂല്യവർദ്ധിത കാർഷിക ഉല്പന്നങ്ങൾക്ക് പ്രാധാന്യം നൽകി വരുമാനം ഉറപ്പാക്കും വിധം ആസൂത്രണം ചെയ്തതിനാൽ യുവതലമുറ കൃഷിയെ പ്രധാന വരുമാന സ്രോതസാക്കി തെരഞ്ഞെടുക്കുന്നുണ്ട്. കാർഷിക മേഖലയിൽ സ്റ്റാർട്ട് അപ്പുകൾക്കും ചെറുകിട സംരഭകർക്കും SFAC വഴി പ്രചോദനം നല്കുന്നതിലൂടെയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നതിലൂടെയും യുവാക്കൾ കാർഷികമേഖലയിലേക്ക് ആകൃഷ്ടരാകുന്നുണ്ട്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ഉൽപ്പാദന, സേവന, വിപണന മൂല്യവർദ്ധന മേഖലയിലെ കൃഷിക്കൂട്ടങ്ങളിൽ യുവാക്കളുടെയും സ്ത്രീകളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന നടപടി സ്വീകരിച്ചു വരുന്നുണ്ട്. കൃഷിക്കൂട്ടം കേന്ദ്രീകരിച്ചുള്ള FPO കളും യുവാക്കളുടെ പ്രാതിനിധ്യം കൂട്ടുന്നതിന് സഹായകരമാകുന്നുണ്ട്.<br><br>കൃഷി ശാസ്ത്രത്തിൽ ബിരുദവും ഡിപ്ലോമയും ഉള്ള വിദ്യാസമ്പന്നരായ യുവതീ യുവാക്കൾക്ക് അവസരങ്ങൾ ഒരുക്കുന്നതിനുമായി ഇന്റേൺഷിപ് പരിപാടി നടപ്പിലാക്കി വരുന്നു. കൃഷി |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെതാഴെത്തട്ടിൽ പ്രവർത്തിക്കുന്നതും കർഷകരോട് നേരിട്ടിടപെടുന്ന കൃഷി ഭവനുകളിൽ നിന്നും കൃഷിയെ പറ്റിയും വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികളിൽ നേരിട്ടിടപെടാനും, പഠിക്കുവാനും,പരിശീലനം ലഭിക്കുവാനുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്.<br><br>യന്ത്രവത്കരണം കാർഷിക മേഖലയിൽ വളരെ പ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ്. കേരളത്തിൽ നിലവിൽ കർഷകരുടെ കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷികപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അഗ്രോ സർവ്വീസ് സെന്ററുകളും സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളും കാർഷികകർമ്മസേനകളും പ്രവർത്തിച്ചു വരുന്നു. ഇവയെ സംയോജിപ്പിച്ച് കാർഷിക മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകളായി വികസിപ്പിക്കുന്നതിനും എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിനും കൃഷിശ്രീ സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ളസേവനങ്ങൾ നൽകുന്നതിനു യുവ തലമുറ മുന്നിട്ടു വരുന്നുണ്ട്. കൃഷി സ്കൂൾ തലത്തിൽ പാഠ്യപദ്ധതിയാക്കിയത് ഭാവിയിൽ കൂടുതൽ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുവാൻ ഇടയാക്കും.<br><br>ഗ്രൂപ്പായും വ്യക്തിഗതമായുമുള്ള ആനുകൂല്യങ്ങൾ സബ്മിഷൻ ഓൺ അഗ്രികൾചറൽ മെക്കനൈസേഷൻ (SMAM) പദ്ധതിയിൽ കൂടി നൽകി കാർഷിക യന്ത്രവൽകരണത്തിൽ യുവാക്കളെ ആകർഷിക്കുവാനും വരുമാനം ഉറപ്പാക്കുവാനും സാധ്യമാക്കുന്നുണ്ട്. കൂടുതൽ കാർഷിക ഉപകരണങ്ങൾ സ്വായത്തമാക്കി പ്രവർത്തിപ്പിക്കുവാനും വരുമാനം വർദ്ധിപ്പിക്കുവാനും യുവാക്കളെ പരിശീലിപ്പിക്കുന്ന നടപടി കേരള സംസ്ഥാന മെക്കനൈസേഷൻ മിഷൻ വഴി നടപ്പാക്കുന്നുണ്ട്.<br><br>മേൽ നടപടികൾ കാർഷിക മേഖലയിലേക്ക് യുവാക്കളെ ആകർഷിക്കുവാനും കൃഷി പ്രധാന വരുമാന സ്രോതസ്സാക്കി മാറ്റുന്നതിന് പ്രേരിപ്പിക്കുവാനും ഇടയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ